# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1848 08.06.2018-ൽ മറുപടിക്ക്

**കട്ടിക്കാനത്തെ അമ്മച്ചികൊട്ടാരം**

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കട്ടിക്കാനത്തെ അമ്മച്ചി കൊട്ടാരവും മറ്റു വസ്തുവകകളും സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ കട്ടിക്കാനത്ത് തിരുവിതാംകൂർ രാജവംശത്തിന്റെ വേനൽക്കാല വസതി എന്നറിയപ്പെടുന്ന കെട്ടിടം സംരക്ഷിക്കുന്നത് സംബന്ധിച്ച് പുരാവസ്തുവകുപ്പ് പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | ചരിത്ര സ്മാരകമായി സംരക്ഷിക്കപ്പെടേണ്ട ഈ കൊട്ടാരവും വസ്തുവകകളും സ്വകാര്യ വ്യക്തിയുടെ കയ്യിൽ അകപ്പെട്ടത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം . നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കട്ടിക്കാനത്തെ അമ്മച്ചി കൊട്ടാരം സ്വകാര്യ വ്യക്തികളുടെ കൈവശം എങ്ങനെ വന്നു ചേർന്നുവെന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരുന്നു. |
| (സി) | ഈ കൊട്ടാരം സംരക്ഷിതസ്മാരകമായി നിലനിർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | പരാമർശ കൊട്ടാരം നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശം എങ്ങനെ എത്തിച്ചേർന്നു എന്നത് സംബന്ധിച്ച് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ മേൽ വിഷയത്തിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ടി കൊട്ടാരം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് ഏറ്റെടുക്കുന്ന വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ